ഇ-മെയിൽ വഴി മാത്രം

ഭരണഭാഷ - മാതൃഭാഷ

എസ്. വി. വിനോദ്
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ.
(അഡീഷണൽചാർജ്ജ്)

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്,
ചാലക്കുടി Pin : 680 307
0480 2701340 (O)
9447979052(M)
e-mail:dfo.clkdy.for@kerala.gov.in

തീയതി :17.07.2020

നം.സി.എ4-5022/2019

സ്വീകർത്താവ്
അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ
സബ്ബ് സ്റ്റേഷൻ, സബ്ബ് ഡിവിഷൻ,
ഇരിങ്ങാലക്കുട, നടവരമ്പ്

സർ,

വിഷയം : 1980 ഫോറസ്റ്റ് കൺസർവേഷൻ ആക്ട്-വരന്തരപ്പിള്ളി പുലിക്കണ്ണി പ്രദേശത്ത് 33 കെ.വി സബ്ബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 0.12 ഹെക്ടർ വനഭൂമി അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന : 05.06.2020 തീയ്യതിയിലെ ജി.ഒ.(ആർ.ടി) നമ്പർ.133/2020/ഫോറസ്റ്റ് & വൈൽഡ് ലൈഫ് (സി) സർക്കാർ ഉത്തരവ്.

*****

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. പാലപ്പിള്ളി റെയിഞ്ചിൽ വരന്തരപ്പിള്ളി പുലിക്കണ്ണി പ്രദേശത്ത് 33 കെ.വി സബ്ബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 0.12 ഹെക്ടർ വനഭൂമി അനുവദിക്കുന്നതിന് യൂസർ ഏജൻസിയായ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ സൂചന പ്രകാരം സർക്കാരിൽ നിന്നും സ്റ്റേജ് -1 അംഗീകാരം ലഭിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി Compliance Report സമർപ്പിച്ചാൽ മാത്രമേ അന്തിമ അംഗീകാരം ലഭിക്കുകയുള്ളൂ. ആയതിലേക്ക് 0.12 ഹെക്ടർ വനഭൂമി വിട്ടുനൽകുന്നതിനായി NPV ഇനത്തിൽ 87,600/ രൂപയും മുറിച്ചു മാറ്റുന്ന 2 തൈകൾക്കു പകരം 100 തൈകൾ നടുന്നതിനും 2 വർഷം പരിപാലിക്കുന്നതിനും ആവശ്യമായ ചെലവുകൾക്കുള്ള 1,23,069/- രൂപയും ഉൾപ്പെടെ ആകെ 2,10,669/- രൂപ CAMPA ശീർഷകത്തിൽ ഓൺലൈൻ ആയി ഒടുക്കേണ്ടതാണ്. കൂടാതെ ടി സ്ഥലത്തുനിന്നും മുറിച്ചുമാറ്റുന്ന തേക്കു മരത്തിന്റെ വിലയായ 7670/- രൂപ 0406-01-101-99-(1) Teak എന്ന ശീർഷകത്തിലും കുരങ്ങാടി മരത്തിന്റെ വിലയായ 4176/- രൂപ 0406-01-101-99-(5)-Other species എന്ന ശീർഷകത്തിലും ഒടുക്കേണ്ടതാണ്. പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി

4,5,15,13,16 എന്നീ ഇനങ്ങളിൽ 200 രൂപയുടെ മുദ്രപത്രത്തിൽ അണ്ടർടേക്കിംഗും 1,2,3,8,9,10,11 ഇനങ്ങളിൽ വ്യവസ്ഥകൾ അംഗീകരിക്കാമെന്നുമുള്ള റിപ്പോർട്ടും അടിയന്തിരമായി ഈ ഓഫീസിലേയ്ക്ക് ഹാജരാക്കേണ്ടതാണ്. കൂടാതെ സൂചന ഉത്തരവിലെ ഇനം 7 പ്രകാരമുള്ള ഫോറസ്റ്റ് റൈറ്റ് ആക്ട് 2006 സർട്ടിഫിക്കറ്റ് തൃശ്ശൂർ ജില്ലാ കളക്ടറിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. സൂചന ഉത്തരവിന്റെ പകർപ്പും മരവില ഒടുക്കുന്നതിനുള്ള ചലാനുകളും ഇതോടൊപ്പം നൽകുന്നു.

വിശ്വസ്തതയോടെ,

ഉള്ളടക്കം - മേൽ പരാമർശിച്ചത്.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ

പകർപ്പ് -പാലപ്പിള്ളി , റെയ്ഞ്ച് ഓഫീസറുടെ അറിവിലേയ്ക്കായി സർക്കാർ ഉത്തരവ് സഹിതം നൽകുന്നു.